# വേതനം ബേങ്ക് എക്കൗണ്ട് വഴി മാത്രമേ നല്കാവൂ എന്ന് നിർബ്ബന്ധിക്കാനാവില്ല

**കേരള ഹൈക്കോടതി**

W.A. No. 978/2018 Dt. 23.1.2020

റ്റാറ്റ കൺസൾട്ടൻസി സർവീസസ് ലിമിറ്റഡ്

x

സ്റ്റേറ്റ് ഓഫ് കേരള

തൊഴിലാളികൾക്കുള്ള വേതനം റൊക്കം പണമായി നല്കണമെന്നാണ് മിനിമം കൂലി നിയമം അനുശാസിക്കുന്നത്. വേതനം സാധനങ്ങളായി നല്കുന്ന പതിവുണ്ടെങ്കിൽ ബന്ധപ്പെട്ട സർക്കാരിന് അത് ഉപാധികളോടെ അനുവദിക്കാവുന്നതാണെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വേതന വിതരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് വേതനം പ്രാബല്യത്തിലുള്ള നാണയമായോ നോട്ടായോ രണ്ടും കൂടിയോ ചെക്കായോ ബേങ്ക് എക്കൗണ്ട് വഴിയോ നല്കണമെന്നാണ്. അതിന് ഒരു അപവാദവും ആ നിയമത്തിലുണ്ട്. നിശ്ചിത വ്യവസായ/കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ചെക്ക് മുഖേനയോ ബേങ്ക് എക്കൗണ്ട് വഴിയോ മാത്രമേ വേതനം നല്കാവൂ എന്ന് നിഷ്കർഷിക്കാൻ ബന്ധപ്പെട്ട സർക്കാരുകൾക്ക് അധികാരമുണ്ട്. ഇപ്രകാരമിരിക്കെ മിനിമം കൂലി ചട്ടങ്ങളിൽ സംസ്ഥാന സർക്കാർ ചില ഭേദഗതികൾ കൊണ്ടുവന്നു. അതിൽ മുഖ്യം വേതന വിതരണ സമ്പ്രദായം എന്ന പദ്ധതിയാണ്. എല്ലാ തൊഴിലുടമകളും വേതന വിതരണം സംബന്ധിച്ച നിരവധി വിവരങ്ങൾ ഇലക്ട്രോണിക് രീതിയിൽ ആ സമ്പ്രാദായത്തിൽ ചേർക്കണമെന്നതാണ് അതിന്റെ സവിശേഷത. മാത്രമല്ല, തൊഴിലാളികളുടെ വ്യക്തിഗത ബേങ്ക് എക്കൗണ്ട് വഴി മാത്രമേ വേതനം വിതരണം ചെയ്യാവൂ എന്നും ഭേദഗതി വഴി നിഷ്കർഷിക്കപ്പെട്ടു. സർക്കാർ നിർദ്ദേശിച്ച പതിനാറ് ബേങ്കുകളിൽ ഏതെങ്കിലും ഒന്നിലെ എക്കൗണ്ട് വഴി മാത്രമേ വേതനം വിതരണം ചെയ്യാവൂ എന്ന് ഭേദഗതി ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. പ്രസ്തുത ചട്ടങ്ങൾ മിനിമം കൂലി നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകയാലും 'വേതന വിതരണ സമ്പ്രദായം' യുക്തിരഹിതവും അനാവശ്യവും ക്ലിഷ്ടവുമായതിനാലും അവ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഒരു കൂട്ടം തൊഴിലുടമകൾ ഹൈക്കോടതിയിൽ റിട്ട് ഹർജികൾ സമർപ്പിച്ചു. തൊഴിലുടമകളുടെ വാദങ്ങൾ അംഗീകരിക്കാനാവില്ലെന്ന് വിലയിരുത്തിയ സിംഗിൾ ബഞ്ച് റിട്ട് ഹർജികൾ തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലുടമകൾ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. ഭേദഗതി ചെയ്ത ചട്ടങ്ങളും 'വേതന വിതരണ സമ്പ്രദായ'വും നിയമവിരുദ്ധമാണെന്നും അത് തൊഴിലുടമകളുടെയും തൊഴിലാളികളുടെയും സ്വകാര്യതയെ ലംഘിക്കുന്നതാണെന്നും തൊഴിലുടമകൾ ചൂണ്ടിക്കാട്ടി. വേതനം പണമായി നല്കിയില്ലെങ്കിൽ തൊഴിലുടമ രണ്ട് ലക്ഷം രൂപ പിഴയടക്കേണ്ടിവരുമെന്നും അത് അന്യായമാണെന്നും തൊഴിലുടമകൾ വാദിച്ചു. ബേങ്ക് എക്കൗണ്ട് ഇല്ലാത്തവരോട് എക്കൗണ്ട് തുടങ്ങണമെന്ന് നിർബ്ബന്ധിക്കാൻ നിയമം അനുവദിക്കുന്നില്ലെന്നും തൊഴിലുടമകൾ ചൂണ്ടിക്കാട്ടി. വേതനം പണമായി നല്കണമെന്ന് മിനിമം കൂലി നിയമത്തിൽ അനുശാസിച്ചിട്ടുള്ളതിനാൽ വേതനം ബേങ്ക് എക്കൗണ്ടിലൂടെ നല്കണമെന്ന് നിഷ്കർഷിക്കുന്ന ചട്ടങ്ങൾ നിയമവിരുദ്ധമാണെന്ന് ഡിവിഷൻ ബഞ്ച് പ്രഖ്യാപിച്ചു. ഭേദഗതിവഴി കൊണ്ടുവന്ന 'വേതന വിതരണ സമ്പ്രദായം' നിയമാനുസൃതമാണെന്നും ഡിവിഷൻ ബഞ്ച് വിധിച്ചു. സിംഗിൾ ബഞ്ചിന്റെ വിധി ഭാഗികമായി റദ്ദാക്കിയ ഡിവിഷൻ ബഞ്ച് തൊഴിലുടമകളുടെ റിട്ട് ഹർജികളും അപ്പീലുകളും ഭാഗികമായി അനുവദിക്കുകയും ചെയ്തു.